**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5575** **13-08-2021 - ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് സാന്നിധ്യമുള്ള ഫോറസ്റ്റ് ഡിവിഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, കോഴിക്കോട്, കണ്ണൂർ, സൗത്ത് വയനാട്, നോർത്ത് വയനാട് എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | മാവോയിസ്റ്റ് സാന്നിധ്യമുള്ള മേഖലകളിൽ ജോലി ചെയ്യുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങളും, വാഹനങ്ങളും നൽകിയിട്ടുണ്ടോ; ഇതിനായി ജീവനക്കാർക്ക് ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | മാവോയ്സ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ ജോലി നോക്കുന്ന വനം വകുപ്പ് ജീവനക്കാർക്ക് വനം വകുപ്പിൽ നിലവിലുള്ള എല്ലാ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ജീവനക്കാർക്ക് റിസ്ക് അലവൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ റിസ്ക് അലവൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (സി) | മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ എല്ലാ വനസംരക്ഷണ വിഭാഗം ജീവനക്കാർക്കും നൽകുന്ന റിസ്ക് അലവൻസ് നൽകി വരുന്നു. |
| (ഡി) | ജീവന് ഭീഷണി നേരിടുന്ന ഈ മേഖലയിൽ ജോലി ചെയ്യുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | മാവോയിസ്റ്റ് മേഖലകളിൽ പട്രോളിംഗിനും, ക്യാമ്പിങ്ങിനും പോകുമ്പോൾ വലിയ സംഘങ്ങളായാണ് പോകുന്നത്, ദ്രുതഗതിയിലുള്ള വാർത്താ വിനിമയത്തിനായി വാക്കിടോക്കികളും അനുവദിച്ചിട്ടുണ്ട്. കൂടാതെ വയർലെസ്സ് സെറ്റുകൾ, പ്രൊട്ടക്ടീവ് ഷീൽഡ്, ഹെൽമറ്റ്, ലാത്തി മുതലായവയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ